പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 170

27.02.2017-ൽ
മറുപടിക്ക്

## ട്രാഫിക് പോലീസ് സ്റ്റേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കരുനാഗപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ട്രാഫിക് പോലീസ് സ്റ്റേഷനിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും | കരുനാഗപ്പള്ളിയിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താല്ക്കാലിക ക്രമീകരണം എന്ന നിലയിൽ ഒരു ട്രാഫിക് സംവിധാനം മാത്രമാണ് ഉദ്ഘാടനം ചെയ്തത്. ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരെ നിയമിച്ചിട്ടില്ല. കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായുള്ള വിശദാംശങ്ങൾ അടങ്ങിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവി, കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ട്രാഫിക് സംബന്ധമായ കേസുകൾക്കും മറ്റും കരുനാഗപ്പള്ളി നിവാസികൾ ഇപ്പോൾ കൊല്ലത്തുള്ള ട്രാഫിക് പോലീസ് സ്റ്റേഷനെയാണ് ആശ്രയിക്കുന്നതെന്നതിനാൽ ഇത് പരിഹരിക്കുന്നതിനു വേണ്ടി അനുവദിച്ച ട്രാഫിക് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ